**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5522** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പ് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ്, ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രതിമാസം സ്റ്റൈപന്റ് 2. 1 മുതൽ 8 വരെയുള്ളവർക്ക് 2000/- രൂപ വീതം പ്രൈമറി സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ് 3. 9, 10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി) 4. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ. 5. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ. 6. ലാപ്ടോപ്പ് ധനസഹായം, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം. 7. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകൾ) 8. ആരോഗ്യഹാനിയ്ക്കിടയാക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം. 9. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് 10. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി. 11. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം 12. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹനസമ്മാനം 13. ബുക്ക് ബാക്ക് സ്കീം 14. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം 15. പഠനമുറി 16. വിദേശപഠനസഹായം 17. ബി.ടെക് റെമഡിയൽ കോച്ചിംഗ് വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് വകുപ്പിന് കീഴിൽ 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കേരള സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | സിവിൽ സർവ്വീസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തിവരുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രയിനിംഗ് സൊസൈറ്റി (ICSETS) മുഖേന ധനസഹായം അനുവദിച്ച് വരുന്നു. സംസ്ഥാനത്തെ പ്രധാനപ്പെട്ട മറ്റ് സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിനായി ലക്ഷ്യ സ്കോളർഷിപ്പ് മുഖേന തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 30 പേർക്ക് ധനസഹായം (ICSETS) മുഖേന അനുവദിച്ചു വരുന്നു |
| (ബി) | തൊഴിലധിഷ്ഠിത പരിശീലന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കാമോ; സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് വകുപ്പിൽ നിന്നും നൽകി വരുന്നത്; | (ബി) | വകുപ്പിന്റെ കീഴിൽ 44 ഐ.റ്റി.ഐ.കളിലായി 11 ട്രേഡുകളിൽ പരിശീലനം നൽകി വരുന്നു. ദ്വിവൽസര ട്രേഡുകളായ ഡ്രാഫ്റ്റ് മാൻ സിവിൽ, സർവ്വേയർ, ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്, മെക്കാനിക്ക്, മെക്കാനിക് മോട്ടോർ വെഹിക്കിൾ, പെയിന്റർ ജനറൽ എന്നീ കോഴ്സുകളിലും ഏക വത്സര കോഴ്സുകളായ പ്ലംബർ കാർപെന്റർ, വെൽഡർ, സ്വീയിംഗ് ടെക്നോളജി എന്നീ കോഴ്സുകളിലും ആറ് മാസ ട്രേഡ് ആയ ഡ്രൈവർ കം മെക്കാനിക് എന്നീ ട്രേഡുകളിൽ പരിശീലനം നൽകി വരുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ഓരോ പരിശീലനാർത്ഥിക്കും NCVT സർട്ടിഫിക്കറ്റ് ലഭിക്കുന്നു. ഈ സർട്ടിഫിക്കറ്റിന്റെ പിൻ ബലത്തിൽ ഇവർക്ക് സ്വകാര്യ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനുള്ള സാഹചര്യവുമുണ്ടാകുന്നു. കൂടാതെ പ്രസ്തുത കോഴ്സ് ജയിക്കുന്നവർക്ക് പഠിച്ച ട്രേഡുകളിൽ തൊഴിൽ കണ്ടെത്തുന്നതിനായി ടൂൾ കിറ്റിനുള്ള ധനസഹായവും നൽകി വരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. വിവിധ സർക്കാരിതര ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കുന്ന വിവരസാങ്കേതിക കോഴ്സുകൾ, ഓട്ടോമോബൈൽ എഞ്ചിനീയറിംഗ് മറ്റ് ഐ.റ്റി.ഐ കോഴ്സുകൾ എന്നിവയിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് സ്വദേശത്തും വിദേശത്തുമുള്ള പല വ്യവസായിക സ്ഥാപനങ്ങളിലും തൊഴിൽ ലഭ്യമാകുന്നുണ്ട്. പട്ടികജാതി വിഭാഗത്തിലെ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി സ്വയം തൊഴിൽ സബ്സിഡി പദ്ധതി, പട്ടികജാതി വിഭാഗത്തിൽപ്പെട്ട പത്തോ അതിലധികമോ സ്വയം സഹായ സംഘങ്ങൾ, 80% മോ അതിനു മുകളിലോ പട്ടികജാതിക്കാർ അംഗങ്ങളായുള്ള വനിതാ |

| | | | |
|---|---|---|---|
| | | | സ്വാശ്രയ സംഘങ്ങൾ എന്നിവയ്ക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. |
| (സി) | പ്രൊഫഷണൽ കോഴ്‌സ് കഴിഞ്ഞ കുട്ടികൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി ബിസിനസ്സിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിലേയ്ക്കായി കേരള സ്റ്റാർട്ട് അപ് മിഷനുമായി ചേർന്ന് സ്റ്റാർട്ട് അപ് ഡ്രീംസ് എന്ന പേരിൽ ഒരു പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ